സംസാരിച്ചു. അങ്ങനെ എം.എൽ.എ.-യുടെ നേതൃത്വത്തിൽ നല്ല ഒരു ഇനിഷ്യേറ്റീവ് ഇപ്പോൾ അവിടെ വന്നു. മൂന്ന് ഏക്കർ സ്ഥലം സൗജന്യമായി നല്കാമെന്ന് അവർ പറഞ്ഞു; അതുവരെ ഈ നാലായിരം രൂപ വാടക ഇല്ലാതാക്കി തരാമെന്നും പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് 05-03-2005-ൽ യോഗം ചേർന്ന് പന്മന സെന്റർ പുന:സ്ഥാപിക്കുവാൻ വേണ്ടിയുള്ള തീരുമാനം എടുത്തുകഴിഞ്ഞിരിക്കുകയാണ്. എം.എൽ.എ.-യുടെ സഹകരണത്തിനു നന്ദി.

(7) സുൽത്താൻ ബത്തേരിയിലെ കുടിവെള്ള ക്ഷാമം

ശ്രീ. എൻ. ഡി. അപ്പച്ചൻ: സർ, വയനാട് ജില്ല വീണ്ടും വരൾച്ചയിലാണ്. എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിൽ അതിരൂക്ഷമായ വരൾച്ച അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കിണറുകളും കുളങ്ങളും വറ്റിവരണ്ടിരിക്കുന്നു. ഭൂമിയിലെ ജലനിരപ്പ് നാല് മീറ്ററോളം താഴ്ന്ന് പോയതിനാൽ കിണറുകളിലെല്ലാം വെള്ളം വറ്റിയിരിക്കുന്നു. ജനങ്ങൾക്ക് ഇപ്പോൾ ആശ്രയിക്കാനുള്ളത് ശുദ്ധജല വിതരണപദ്ധതികൾ മാത്രമാണ്. അവ ശരിയായ വിധത്തിൽ പ്രവർത്തിക്കുന്നില്ല. വരൾച്ച രൂക്ഷമായിരിക്കുന്നത് കണക്കിലെടുത്തു കൊണ്ട് നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം. പൈപ്പുകൾ നീട്ടി ശുദ്ധജല വിതരണ പദ്ധതികൾ വഴി ജനങ്ങൾക്ക് ജലം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. മീനാങ്ങാടി പഞ്ചായത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആ പദ്ധതിക്ക് അംഗീകാരം നൽകിക്കൊണ്ട് കുടിവെള്ള പ്രശ്ന പരിഹാരത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്ന് അനുകൂലമായ ഒരു മറുപടി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട എൻ. ഡി. അപ്പച്ചൻ ഇവിടെ സൂചിപ്പിച്ചത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. അതിനേക്കാൾ അലാമിംഗായ സിറ്റ്യുവേഷൻ നമ്മൾ മുന്നിൽ കാണുകയാണ്. ഗ്രൗണ്ട് വാട്ടർ ലെവലിൽ നിന്നുപോലും ജലനിരപ്പ് താഴുന്ന രൂപത്തിൽ വരുന്നു എന്നുള്ള അഭ്യൂഹങ്ങളാണ് നിലനിൽക്കുന്നത്. അതുകൊണ്ട് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി യുദ്ധകാലാടിസ്ഥാനത്തിൽ ഈ സംസ്ഥാനത്ത് നടപടികളെടുക്കേണ്ടത് ആവശ്യമാണെന്നുള്ളത് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നിശ്ചയമായും ആ രൂപത്തിൽ ഗവൺമെന്റ് മുന്നോട്ട് നീങ്ങുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യത്തെക്കുറിച്ച് ഒരു വിശദീകരണം കൂടി പറയാം. പുൽപ്പള്ളി, മുള്ളൻകൊല്ലി പഞ്ചായത്തുകൾക്കുള്ള പദ്ധതി. അമ്പലവയൽ, നെന്മേനി എന്നീ പഞ്ചായത്തുകൾക്കുള്ള ശുദ്ധജലവിതരണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി എന്നിവയടക്കം 14 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ മുഖാന്തിരം 1700 പൊതു ടാപ്പുകളിലൂടെയും 2700 ഹൗസ് കണക്ഷനുകളിലൂടെയും ഇപ്പോൾ ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതികളിൽ നിന്നെല്ലാം 2004-ലെ വരൾച്ചയുടെ ഫണ്ട് ഉപയോഗിച്ച് സാദ്ധ്യമായ സ്ഥലങ്ങളിലേക്കെല്ലാം പൈപ്പുലൈൻ നീട്ടുകയുണ്ടായി. ഇപ്പോഴത്തെ വരൾച്ച നേരിടുന്നതിനായി നിലവിലുള്ള പദ്ധതികളുടെ സ്രോതസ്സ് വിപുലീകരണം, കേടായ പമ്പ് സെറ്റുകൾ മാറ്റി സ്ഥാപിക്കൽ, കേടായ പൈപ്പുലൈനുകൾ മാറ്റി സ്ഥാപിക്കൽ, കൂടുതൽ മണിക്കൂറുകൾ പമ്പ് ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നതിന് 56 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതികളുടെയെല്ലാം പരമാവധി ശേഷിക്ക് അപ്പുറവും പൈപ്പ്ലൈൻ നീട്ടിയിട്ടുണ്ട്. ഈ നിയോജകമണ്ഡലത്തിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള പുതാടി ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. മീനങ്ങാടി പഞ്ചായത്ത് മുഴുവൻ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടി കാരാപ്പുഴ റിസർവോയർ സ്രോതസ്സാക്കിയുള്ള 791.10 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു പദ്ധതി നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മുള്ളൻകൊല്ലി പഞ്ചായത്തിലെ ശശിമല ഭാഗത്തേക്ക് ഒരു പുതിയ പദ്ധതിയുടെ സർവ്വേ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(8) ചാക്കയിലെ വൈദ്യുതി ഡിവിഷണൽ ഓഫീസ് കഴക്കൂട്ടത്തെ ടെക്നോപാർക്ക് സബ് ഡിവിഷൻ ഓഫീസിലേക്ക് മാറ്റി സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. എം. എ. വാഹീദ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ ഡിവിഷണൽ ഓഫീസുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു വേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഇത് ആദ്യം സ്ഥാപിച്ചിരുന്നത് എന്റെ നിയോജകമണ്ഡലത്തിന്റെ ഭാഗമായ പോങ്ങുംമൂട്ടിലാണ്. ഇതിപ്പോൾ ചാക്കയിലേക്ക് കൊണ്ടുപോയിരിക്കുകയാണ്. ചാക്ക മുതൽ കോരാണി വരെയുള്ള ഏകദേശം 20 കിലോമീറ്റർ ചുറ്റളവ് വരുന്ന പ്രദേശത്തേക്കുവേണ്ടി അനുവദിച്ച ഡിവിഷണൽ ഓഫീസ് അതിന്റെ തെക്കേ അറ്റത്ത് കൊണ്ടുവന്ന് സ്ഥാപിച്ചിരിക്കുകയാണ്. ഇതുമൂലം അവിടെയുള്ള വൈദ്യുതി ഉപഭോക്താക്കൾ വളരെയേറെ പ്രയാസപ്പെടുകയാണ്. എന്റെ നിയോജകമണ്ഡലത്തിന് ഒരു പ്രത്യേകതയുണ്ട്. തിരുവനന്തപുരം താലൂക്കിലും ചിറയിൻകീഴ് താലൂക്കിലും അല്ലാത്ത വിധത്തിൽ ഇതിന് മണ്ടിനുമിടയ്ക്കാണ് കിടക്കുന്നത്. ഓഫീസുകൾ വന്നാൽ ഒന്നുകിൽ ആറ്റിങ്ങലിലേക്ക് പോകും. അതല്ലെങ്കിൽ തിരുവനന്തപുരത്ത് വരും. ഈ രണ്ടു പ്രദേശങ്ങൾക്കും ഇടയ്ക്ക് താമസിക്കുന്ന ജനങ്ങൾ വളരെയേറെ

LIBRARY ARCHIVES Kerala Legislative Assembly